# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA- PKD-19/1979/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/11/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA- PKD-19/1979/2022 തീയ്യതി: 29/11/2022

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-09-2021 മുതൽ 20-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-08-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രീത. യു, ഓഡിറ്റ് ഓഫീസർ
അനില സി.എസ്, സീനി.ഗ്രേഡ് ഓഡിറ്റർ
ആതിര. എച്ച്, സീനി.ഗ്രേഡ് ഓഡിറ്റർ
ഗോകുൽ സി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ. സത്യപാൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി കെ.സി പ്രേമലത | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിജിൽ.വി.മോഹൻ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ കൃഷ്ണനുണ്ണി കെ.സി | അസി.എൻജിനിയർ | 01-04-2021 | 08-04-2021 |
| ശ്രീമതി ടിന്റു എൻ. പി | അസി.എൻജിനിയർ | 09-04-2021 | 31-03-2022 |
| ശ്രീമതി താജുന്നീസ | വി.ഇ.ഒ 1 | 01-04-2021 | 31-03-2022 |
| ശ്രീ നിജാമുദ്ദീൻ | വി.ഇ.ഒ-2 | 01-04-2021 | 25-08-2021 |
| ശ്രീമതി.ഷീബ.സി | വി.ഇ.ഒ-2 | 26-08-2021 | 31-03-2022 |
| ഡോ. ചിത്ര.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 25-11-2021 |
| ഡോ. പ്രശാന്ത്. എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 26-11-2021 | 31-03-2022 |
| ഡോ. ലീനാ റാണി | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 31-03-2022 |
| ഡോ. ഹേമ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. രവിചന്ദ്രൻ | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ എൻ.ജി വ്യാസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിമി എം.ടി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീ മനോജ് സി.കെ | സബ്ബ ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-08-2021 |
| ശ്രീ രാജേഷ് എസ് | സബ്ബ ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-09-2021 | 31-03-2022 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | പദ്ധതി ആസൂത്രണം - സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നതിലെ സാധ്യതകൾ പരിശോധിച്ചിട്ടില്ല | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | കാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭ്യമായ തുകകൾ - 2913838/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു | 1-11 |
| 14 | വസ്തുനികുതി | 1-12 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-13 |
| 16 | തൊഴിൽനികുതി | 1-14 |
| 17 | വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 18 | ഹോമിയോ ആശുപത്രിയിലെ മരുന്നു വാങ്ങൽ | 1-16 |
| 19 | അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി അടവാക്കിയത് ഉറപ്പാക്കേണ്ടതാണ്. | 1-17 |
| 20 | ക്ഷീരവികസന ഓഫീസർ - പദ്ധതികൾ നടപ്പാക്കിയിട്ടില്ല | 1-18 |
| 21 | ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ | 1-19 |
| 22 | ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 23 | ഐ.സി.ഡി.എസ് സൂപ്പർവൈസർ - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-21 |
| 24 | ആസ്തി രജിസ്റ്റർ മരാമത്ത് പ്രവൃത്തികൾ - രേഖകളുടെ സൂക്ഷിപ്പ് | 1-22 |
| 25 | റോഡ്/റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗം | 1-23 |
| 26 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-24 |
| 27 | കരാർ ചമച്ച് ആരംഭിക്കാത്ത പദ്ധതികൾ - പൊതുമരാമത്ത് മാന്വലിലെ | 1-25 |

| | | |
|---|---|---|
| | വ്യവസ്ഥകളനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| 28 | കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ് | 1-26 |
| 29 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 30 | ടെണ്ടർ നടപടി കൂടാതെ വാങ്ങൽ നടത്തി | 1-28 |
| 31 | സാമൂഹ്യ ക്ഷേമ പെൻഷൻ - വിതരണത്തിലെയും ഡാറ്റാബേസിലെയും അപാകങ്ങൾ | 1-29 |
| 32 | തെരുവു വിളക്കുകളുടെ പരിപാലനം | 1-30 |
| 33 | അജൈവ മാലിന്യ സംസ്കരണം | 1-31 |
| 34 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല | 1-32 |
| 35 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-33 |
| 36 | ആർജ്ജിതാവധി പണമാക്കി മാറ്റി | 1-34 |
| 37 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 12983199 |
| തൻവർഷം വരവ് | 292360761 |
| ആകെ വരവ് | 305343960 |
| ചെലവ് | 302688000 |
| നീക്കിയിരിപ്പ് | 2655960 |

ഭരണസമിതിയുടെ 14.03.22 തീയതിയിലെ 9/1 -ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തത് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 4-07-2022 | - | - |

### 1-2-1 വാർഷിക കണക്ക് പരിശോധന

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

2.ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ്, ലൈസൻസ് ഫീ എന്നിവയുടെ കൃത്യത ഉറപ്പാക്കാനായില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ച് വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 111974419 |
| വരവ് | 18379611 |
| ആകെ | 130354030 |
| ചെലവ് | 114578796 |
| നീക്കിയിരിപ്പ് | 15775234 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് | 0 | 18937467 | 18937467 | 18432768 | 504699 |

| | | | | | |
|---|---|---|---|---|---|
| -ജനറൽ | | | | | |
| വികസനഫണ്ട് - എസ്.സി.പി | 0 | 15321333 | 15321333 | 13948674 | 1372659 |
| വികസനഫണ്ട് - ടി.എസ്.പി | 0 | 488000 | 488000 | 225000 | 263000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 18310000 | 18310000 | 16965981 | 1344019 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 9497112 | 9497112 | 9015232 | 481880 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 6464000 | 6464000 | 2869379 | 3594621 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 6375138 | 0 | 6375138 | 3892780 | 2482358 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്-ഗ്രാന്റ്-Spillover | 342140 | 0 | 342140 | 305025 | 37115 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 4309000 +79364(പലിശ) | 4388364 | 2679403 | 1708961 |

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2021-22 ൽ ട്രഷറി മുഖേന ലഭിച്ച ക്യാരി ഓവർ തുകയുടെയും അതിൽ നിന്നുള്ള ചെലവിന്റെയും കണക്കുകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ്, അൺടൈഡ് ഗ്രാന്റ് നീക്കിയിരുപ്പ് കാനറാ ബാങ്ക്, കൊല്ലങ്കോടിൽ (A/c No-1317101021791) നിലനിൽക്കുന്നു.

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 727818 | 1033926 | 1761744 | 820142 | 941602 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3437 | 578281 | 581718 | 581707 | 11 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | | 39479924 | 39479924 | 39479924 | |
| ആകെ | 3437 | 40058205 | 40061642 | 40061631 | 11 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 2394212 | 330000 | 2724212 | 853000 | 1871212 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 161620608 | 198 | 89294759 | - | 27 | 68 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 88% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 55% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 18435842 | 12838564 | 70 |
| വെറ്ററിനറി സർജൻ | 3 | 3 | 319800 | 306959 | 96 |
| മെഡിക്കൽ ഓഫീസർ-CHC | 6 | 6 | 1779112 | 1704236 | 96 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 3030000 | 3030000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 307000 | 306664 | 99.8 |
| വി.ഇ.ഒ -1 | 7 | 7 | 50922867 | 15485589 | 30 |
| വി.ഇ.ഒ -2 | 7 | 4 | 12655270 | 5761000 | 46 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 9972475 | 7632433 | 77 |
| സെക്രട്ടറി | 27 | 26 | 14201033 | 11137362 | 78 |
| അസി.സെക്രട്ടറി | 6 | 6 | 2183413 | 1481983 | 68 |
| അസിസ്റ്റന്റ് എഞ്ചിനി യർ | 148 | 126 | 45093796 | 29162218 | 65 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 3120000 | 447751 | 14 |
| ആകെ | 225 | 198 | 161620608 | 89294759 | 55 |

തൻവർഷം ക്ഷീരവികസന മേഖലയിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

### 1-5-1 പദ്ധതി ആസൂത്രണം - സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നതിലെ സാധ്യതകൾ

പരിശോധിച്ചിട്ടില്ല

സുഭിക്ഷ കേരളം - ഭക്ഷ്യോല്പ്പാദന വർദ്ധനവിനുള്ള ആസൂത്രണ സാമ്പത്തിക വകുപ്പിന്റെ മാർഗ്ഗരേഖ (കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യബന്ധനം)- സ.ഉ (കൈ)നം. 14/2020/ആ. സാ.വ തീയതി 18.05.2020, സ.ഉ(സാധാ) നം.928/2020/ത.സ്വ.ഭ.വ തീയതി 20.05.20എന്നിവ പ്രകാരം പ്രസ്തുത മേഖലകളിൽ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി മത്സ്യബന്ധന മേഖലയിലൊഴികെ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് ഒരു കാർഷികമേഖലയായതിനാൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യതകളേറെയുണ്ട്. എന്നാൽ ജനറൽ ഫണ്ടിൽ നിന്നും 75 ലക്ഷത്തിലധികം രൂപ കാർഷിക മേഖലയിൽ വകയിരുത്തി നെൽകൃഷി കൂലിചെലവ് നൽകലും ഓഫീസ് ചെലവും മാത്രമാണ് കൃഷി ഓഫീസറുടെ പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടുള്ളത്. കാർഷികമേഖലയിൽ ഭക്ഷ്യോല്പാദന വർദ്ധനവുമായി ബന്ധപ്പെട്ട പദ്ധതികൾ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3437 | 578281 | 581718 | 581707 | 11 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | | 39479913 | 39479913 | 39479913 | |
| ആകെ | 3437 | 40058183 | 40061620 | 40061631 | 11 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2 | കർഷക തൊഴിലാളി പെൻഷൻ | 9908200 | 618 |
| 3 | വിധവാ പെൻഷൻ | 24627800 | 1626 |
| 4 | വാർദ്ധക്യകാല പെൻഷൻ | 32561500 | 2370 |
| 5 | വികലാംഗ പെൻഷൻ | 5152800 | 339 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1883200 | 125 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 26-08-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10631/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

പൗരാവകാശ രേഖ 02/2021 ൽ പുതുക്കിയിട്ടുണ്ട്. 02/2021 ൽ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കി ആധികാരികമാക്കിയിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

സംയുക്ത പ്രൊജക്ടുകളുടെ നീക്കിയിരുപ്പിന്റെ വിശദവിവരങ്ങൾ (ബാലൻസ് ഷീറ്റ് പ്രകാരമുള്ളത്) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ Documentation പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, വാടക എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

21-08-2006 മുതൽ 02-09-2006 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2005-06 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 29-05-11 ന് പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

7-07-2022 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ മെയ് 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-11 സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകൾ - 2913838/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017 /ഫിൻ/തീയതി 23.01.2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഡി.പി.സി അംഗീകരിച്ച പ്രൊജക്ട് നടപ്പാക്കുന്ന മുഖ്യ സ്ഥാപനത്തിന് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് തുറക്കാവുന്നതാണെന്നും ഷെയർ നൽകുന്ന സ്ഥാപനങ്ങൾ സെപ്റ്റംബർ 30 നകം തുക ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ഈ അക്കൗണ്ടിൽ നിന്നും പിന്നീട് ചെക്ക് മുഖേന തുക പിൻവലിക്കാവുന്നതാണ്. പ്രൊജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി, ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേ ക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്.

2018-19, 2019-20 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി കൈമാറിക്കിട്ടിയ തുക ചെലവഴിക്കുന്നതിൽ മാർഗ്ഗരേഖയിലെ

വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മാലിന്യ സംസ്കരണം, ലൈഫ് ഭവന നിർമ്മാണം മുതലായ പദ്ധതികൾക്കായി ലഭ്യമായ തുകയിൽ 2913838/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നതായി കണ്ടെത്തി.

2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3203 | എയ്റോബിക് കംപോസ്റ്റ് |
| | 2016-17 | 5600 | ODF |
| | 2017-18 | 3918 | പാലിയേറ്റീവ് |
| | 2019-20 | 888014 | ലൈഫ് ഭവനം-എസ്.സി |
| | 2019-20 | 1479 | പാലിയേറ്റീവ് |
| | 2019-20 | 518 | കട്ടിൽ |
| | | 290254 | പ്രൊജക്ട് വിവരം ലഭ്യമല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 ന മുമ്പ് | 17500 | ഗായത്രി വാട്ടർഷെഡ് |
| | | 1703352 | പ്രൊജക്ട് വിവരം ലഭ്യമല്ല |
| | ആകെ | 2913838/- | |

മേൽ പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 290254/-, ജില്ലാ പഞ്ചായത്ത് വിഹിതം 1703352/-എന്നീ തുകകൾ ഏതെല്ലാം പദ്ധതികളുടെ നീക്കിയിരുപ്പാണെന്ന വിവരം ലഭ്യമല്ല. സംയുക്ത പ്രൊജക്ടുകൾക്കായുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-2/25.08.22) ലഭ്യമാക്കിയ മറുപടി പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ നീക്കിയിരുപ്പ് 888014/-രൂപ വിനിയോഗിക്കുന്നതിന് 2022-23 വർഷം പ്രൊജക്ട് വെച്ചിട്ടുള്ളതും, ബാക്കി ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ തിരിച്ചടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നാണ്. സംയുക്ത പ്രൊജക്ടിന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ 2021-22 വർഷാവസാനം 1000000/-രൂപ നിലനിർത്തി ബാക്കി തുക സർക്കാർ തിരിച്ചെടുത്തിട്ടുള്ളതും ഏപ്രിൽ/2022 ൽ അതേ അക്കൗണ്ടിൽ തന്നെ തിരികെ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

നീക്കിയിരുപ്പ് തുകകളുടെ വിനിയോഗം/തിരിച്ചടവ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച്

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 19,73,569/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. തൻവർഷ വസ്തു നികുതി ഇനത്തിൽ 43,23,001/- വരവ് ലഭിച്ചപ്പോൾ 7,83,737/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| ഗാർഹികം | 2,13,916 | 1,13,213 | 3,27,129 |
| ഗാർഹികേതരം | 5,69,821 | 10,76,619 | 16,46,440 |
| ആകെ | 7,83,737 | 11,89,832 | 19,73,569 |

2. വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ/പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീ) | നികുതി | കുടിശ്ശിക വർഷം | നിലവിലുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 2/289 | കെ. എസ്. ഉണ്ണികൃഷ്ണൻ ഗായത്രി കല്യാണമണ്ഡപം | 1977 | 68,504 | 2013 - 14 മുതൽ 2021- 22 വരെ | 6.16,536 |
| 2 | 10/258 | ആൻ ബെന്നി കൊല്ലങ്കോട് ഹെറിറ്റേജ് ഹോട്ടൽസ് & ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് | 245 | 26,240 | 2020 - 21 മുതൽ 2021- 22 വരെ | 52,480 |
| 3 | 10/259 | ” | 37 | 3963 | ” | 7926 |
| 4 | 10/260 | ” | 62 | 7194 | ” | 14,388 |
| 5 | 10/261 | ” | 152 | 16,280 | ” | 32,560 |
| 6 | 10/262 | ” | 81 | 8676 | ” | 17,352 |
| 7 | 10/263 | ” | 184 | 19,707 | ” | 39,414 |
| 8 | 10/264 | ” | 25 | 2678 | ” | 5356 |
| 9 | 10/265 | ” | 60 | 6426 | ” | 12,852 |
| 10 | 10/266 | ” | 30 | 3213 | ” | 6426 |
| 11 | 10/267 | ” | 25 | 2678 | ” | 5356 |
| 12 | 10/268 | ” | 25 | 2678 | ” | 5356 |
| 13 | 10/269 | ” | 25 | 2678 | ” | 5356 |
| 14 | 10/270 | ” | 19 | 2035 | ” | 4070 |
| 15 | 10/271 | ” | 25 | 2678 | ” | 5356 |
| 16 | 10/272 | ” | 25 | 2678 | ” | 5356 |
| 17 | 10/273 | ” | 25 | 2678 | ” | 5356 |

| | | | | | | |
|---|---|---|---|---|---|---|
| 18 | 10/274 | ” | 25 | 2678 | ” | 5356 |
| 19 | 10/275 | ” | 25 | 2678 | ” | 5356 |
| 20 | 10/276 | ” | 25 | 2678 | ” | 5356 |
| 21 | 10/277 | ” | 25 | 2678 | ” | 5356 |
| 22 | 10/278 | ” | 31 | 3321 | ” | 6642 |
| 23 | 10/279 | ” | 31 | 3321 | ” | 6642 |
| 24 | 10/280 | ” | 25 | 2678 | ” | 5356 |
| 25 | 10/281 | ” | 25 | 2678 | ” | 5356 |
| 26 | 10/705 | ” | 182 | 19,493 | ” | 38,986 |
| 27 | 10/706 | ” | 25 | 2678 | ” | 5356 |
| ആകെ | | | | | | 9,31,258 |

3. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 17 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. സഞ്ചയ ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ കുടിശ്ശികയുള്ളതായി കാണുന്നു. 2021-22 കാലയളവ് വരെ ആകെ വസ്തു നികുതി കുടിശ്ശിക 69,095/- രൂപ ആണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ) | നികുതി | കുടിശ്ശിക | നിലവിലുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 9/213 | ബിഎസ്എൻഎൽ | 11 | | 2013-2014 മുതൽ 2021-2022 വരെ | 62,369 |
| 2 | 9/647, 9/648 | ഇൻഡസ് ടവേഴ്സ് | 14.23 | | 2021-2022 | 6726 |
| ആകെ | | | | | | 69,095 |

4. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിലെ പിഴവ് - നികുതി നഷ്ടം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ച് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്റെ കൃത്യത ഫോറം 6 മായി പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ മേൽക്കൂര ഇല്ലാത്ത ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമല്ലാതെ വസ്തുനികുതിയിന്മേൽ അനധികൃത ഇളവ് അനുവദിച്ചതായി കാണുന്നു.

| കെട്ടിട നമ്പർ/ വിസ്തീർണ്ണം | നിലവിലെ വസ്തുനികുതി നിർണ്ണയം (ടവറുകൾക്ക് നിശ്ചയിച്ചിട്ടുള്ള | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടത് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | നികുതി നിരക്ക്- 450/ച.മീ) | | |
| 14/448 എയർടെൽ 25 ച.മീ | 25*500= 12500 ഇളവ്-10% (മേൽക്കൂര) വർദ്ധനവ് 20% (വഴിസൗകര്യം) BT- 13750 LC- 688 Total-14438 | 25*500= 12500 ഇളവ് -ഇല്ല വർദ്ധനവ്- 20% BT- 15000 LC- 750 Total- 15750 | 1312 രൂപ |

5. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയി ച്ച

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തിനെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

| | |
|---|---|
| കെട്ടിട നം. | 11/951 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | സുശീല, എസ്.വി.സ്ട്രീറ്റ്, കൊല്ലങ്കോട് |
| വിസ്തീർണ്ണം | 144ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 144*40 = 5760<br>വർദ്ധനവ് - വഴിസൗകര്യം - 20%<br>ഇളവ്- ബഹുനില കെട്ടിടം - 6%<br>വസ്തുനികുതി - 6567<br>ലൈബ്രറി സെസ്സ് - 329<br>ആകെ – 6896 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 144*60 = 8640<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ് - ഇല്ല (സഞ്ചയ പ്രകാരം ഒരു നില മാത്രം)<br>വസ്തുനികുതി - 10368<br>ലൈബ്രറി സെസ്സ് - 518<br>ആകെ - 10886 |
| പ്രതിവർഷ നഷ്ടം | 10886 – 6896 = 3990 രൂപ |

6. കെട്ടിടങ്ങളെ നികുതി , ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കി നൽകൽ - നിയമാനുസൃതമാവേണ്ടതാണ് .

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 പ്രകാരം നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കേണ്ട കെട്ടിടങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. സ.ഉ(എം.എസ്) നം 144/15/തസ്വഭവ, തിയതി 27.04.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി ) വരെ വിസ്തീർണ്ണമുള്ള വാസഗ്രഹങ്ങളായ കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) നം 358/15/തസ്വഭവ, തിയതി 16.12.2015 പ്രകാരം കുടുംബനാഥന്റെ പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗ്രഹത്തിനു മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തുകയും. നികുതി ഒഴിവാക്കി നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. കൊടുവായൂർ ഗ്രാമ പഞ്ചായത്തിൽ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ പരിശോധനയിൽ നിയമാനുസൃതമല്ലാതെ താഴെ പറയുന്ന കെട്ടിടത്തിനെ ഒഴിവാക്കിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ, തറ വിസ്തീർണ്ണം | സഞ്ചയയിലെ ഉപയോഗക്രം | റിമാർക്സ് |
|---|---|---|---|
| ഡി.കെ.ജോൺ, സഫലഗിരി പാലസ്, ഈസ്റ്റ് വില്ലേജ് | 11/391, 256ച.മീ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടം | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| " | 11/392, 168 ച.മീ | " | " |
| " | 11/393, 118ച.മീ | " | " |
| " | 11/394, 256ച.മീ | " | " |
| " | 11/395, 256ച.മീ | " | " |

7. കളരികോവിലകം ആയുർവേദിക് ക്ലിനിക് & ആയുർവേദിക് ട്രീറ്റ്മെന്റ് സെന്റർ - കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിശ്ചയിച്ച് നികുതി നിർണ്ണയിച്ചി തായി ഓഡിറ്റ് വിലയിരുത്തുന്നു - വിശദീകരണം ലഭ്യമാക്കേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി നികുതി നിർണ്ണയ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ് വിവരങ്ങളും പരിശോധിച്ചതിൽ ശ്രീ.ശ്യാം പ്രസാദ് രാജൻ, ശ്രീമതി.ഗീതാഞ്ജലി രാജൻ, ശ്രീമതി.മീനാക്ഷി രാജൻ, ശ്രീമതി. ജയശ്രീ രാമചന്ദ്രൻ, ശ്രീ. ജയരാജ് രാമചന്ദ്രൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 1/ 437 1/439, 1/440, 1/441, 1/443, 1/444, 1/445, 1/446, 1/447, 1/454 നമ്പറുകളിലുള്ള കളരികോവിലകം ആയുർവേദിക് ക്ലിനിക്, ശ്രീ. തോമസ് ഡൊമിനിക് ന്റെ ഉടമസ്ഥതയിലുള്ള 1/442, 1/449, 1/450, 1/451, 1/452, 1/453 നമ്പറുകളിലുള്ള കളരികോവിലകം ആയുർവേദിക് ട്രീറ്റ്മെന്റ് സെന്റർ എന്നിവ ആശുപത്രി എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി നികുതി നിർണ്ണയം നടത്തിയാണ് ഈടാക്കിവരുന്നതെന്ന് കാണുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനത്തിന് അനുസൃതമായി ആശുപത്രി ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ട അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും 24.02.2015 ലെ സ.ഉ(അ) നം. 36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനത്തിന് അനുസൃതമായി ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 150 - 160 രൂപയാണ് (കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ സ.ഉ(അ)നം.36/2015/തസ്വഭവ തീയതി 24.02.2015 വിജ്ഞാപനം പ്രകാരമുള്ള ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല).

ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് ആശുപത്രി എന്ന ഉപയോഗക്രമം നിശ്ചയിച്ചിരിക്കുന്നത് തെറ്റായിട്ടാണോയെന്നും പ്രസ്തുത സ്ഥാപനങ്ങൾ ആയുർവേദ ആശുപത്രി ലൈസൻസോടുകൂടിയ സുഖചികിത്സാ കേന്ദ്രങ്ങളാണോയെന്നും പരിശോധിക്കുന്നതിലേക്കായി ടി സ്ഥാപനങ്ങളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

8. വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടത ാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. തനത് വരുമാനം കുറവായ സാഹചര്യത്തിൽ ഇത്രയും തുക വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്നത് അടിയന്തര പ്രാധാന്യത്തോടെ വീക്ഷിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 14/30.08.2022 ന് ക്രമ നമ്പർ 1,5,6,8 അന്വേഷണങ്ങൾക്കുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 2,3,4,7 അന്വേഷണങ്ങൾക്കുള്ള മറുപടി ഓഡിറ്റിന് നൽകിയിട്ടില്ല.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

1. സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2021-22 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 467 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 18 വാർഡുകളിലായി 1941 കെട്ടിടങ്ങളാണ് നിലവിലുള്ളത്. 1474 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

2. ലൈസൻസ് - വരുമാന വർദ്ധനവിന് വേണ്ടിയുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരമുള്ള യഥാർത്ഥ മൂലധന നിക്ഷേപം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ തുക | ഈടാക്കിയ ലൈസൻസ് ഫീ | ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീ |
|---|---|---|---|---|---|
| 1 | സൂരജ് അഗ്രോ മിൽസ്, പയ്യലൂർ | 733.89 Lakhs | 5 Lakhs | 5000 | 15000 |
| 2 | ടു സ്റ്റാർ വെതേഡ് റോക്ക് സാന്റ്, നെന്മേനി | 27 Lakhs | 15 Lakhs | 1000 | 5000 |

3. വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടികiii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീ | ഉപയോഗിക്കുന്ന കുതിരശക്തി | മോട്ടോറുകളുടെ എച്ച്.പി അടിസ്ഥാനത്തിൽ ചുമത്താവുന്ന അധിക ഫീസ് |
|---|---|---|---|---|---|
| 1 | കുര്യൻ.സി.ഐപ്പ് | ടാസ ബ്ളോക്സ് & ടൈൽസ് പ്രൈവറ്റ് ലിമിറ്റഡ്, പയ്യലൂർ | 10000 | 349 | 3490 |
| 2 | എ.സുരേന്ദ്രൻ | സൂരജ് അഗ്രോ മിൽസ്, പയ്യലൂർ | 5000 | 325 | 3250 |
| 3 | ടി.ബി.പ്രേമചന്ദ്രൻ | ട്ടു സ്റ്റാർ വെതേഡ് റോക്ക് സാന്റ്, നെന്മേനി | 1000 | 140 | 2000 |
| 4 | ജോബി.പി.ഡി | പാലിയേക്കര ബ്രിക്സ്, ചാത്തമ്പാറ | 1000 | 36 | 400 |
| ആകെ | | | | | 9140 |

4. അറവുശാലകൾ , റേഷൻ കടകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 85, 149പ്രകാരം അറവുശാലകളുടെയും റേഷൻ കടകളുടെയും നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2021-2022 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളും അറവുശാലകളും ലൈസൻസ് എടുത്തതായി കാണാൻ കഴിഞ്ഞില്ല.

5. ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ

സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

6. ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്

2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 16/30 .08.2022 നുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും വാർഡ് തലത്തിൽ സ്ഥാപനങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കുകയും ആയത് കാലികമാക്കി സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 തൊഴിൽനികുതി

1.തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർക്കുന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം | |
|---|---|---|---|
| | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| ഹെല്ലയിംസ് ഇൻഡേൻ ഡിസ്ട്രിബ്യൂട്ടർ | 11 | 4 | 4 |

2.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | നട്ട് സ്പേസ് പ്രൊസസ്സിങ്ങ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 29 | രണ്ടാം അർദ്ധ വർഷം |
| 2 | സെന്റ് പോൾസ് എച്ച്.എസ്.എസ് | 13 | ഒന്നാം അർദ്ധ വർഷം |

3.തൊഴിൽ നികുതി കുറവായി ഈടാക്കി

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം (രണ്ടാം) | ഈടാക്കിയത് | ഈടാക്കാവുന്നത് | കുറവ് |
|---|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറി, കൊല്ലങ്കോട് | ഡോ.നീതുരാജ് | 2,15,460 | 1000 | 1250 | 250 |

മേൽ പ്രകാരം കുറവായി ഈടാക്കിയ 250/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 23/31.08.2022 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 2,15,843/- രൂപ വാടക കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| വാടക | 24,720 | 1,91,123 | 2,15,843 |

2021-22 സാമ്പത്തിക വർഷത്തിലെ വാടക 24,720/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാടകക്കാരൻ | കെട്ടിട നമ്പർ | പ്രതിമാസ നിരക്ക് | കുടിശ്ശിക വരുത്തിയ മാസം | കുടിശ്ശിക |
|---|---|---|---|---|
| ഡിപ്പോ മാനേജർ, സിവിൽ സപ്ലൈസ് | 2/174 | 2368 | 01/22 – 03/22 | 7104 |
| | 2/175 | 2368 | 01/22 – 03/22 | 7104 |

| | | | | |
|---|---|---|---|---|
| കോർപ്പറേഷൻ, കൊല്ലങ്കോട് | 2/180 | 3504 | 01/22 – 03/22 | 10,512 |
| ആകെ | | | | 24,720 |

വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 18/30.08.2022 നുള്ള മറുപടിയിൽ വാടകക്കാരുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഹോമിയോ ആശുപത്രിയിലെ മരുന്നു വാങ്ങൽ

ഹോമിയോ ആശുപത്രിയിലെ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്

2021 – 22 വർഷത്തിൽ ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ 300000/- രൂപ പിൻവലിച്ച് ഹോംകോ, ആലപ്പുഴയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെങ്കിലും മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. S0011/22-ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ – 300000 (എം.ജി-നോൺ റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം. 289/24-01-2022 പ്രകാരം 66 ഇനം മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കുമായി 300000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ 34306403911നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

43 ഇനം മരുന്നുകൾക്കുള്ള 1,86,640 രൂപയുടെ LF-167/16.06.2022 നമ്പർ ഇൻവോയ്സ് ഹോംകോയിൽ നിന്നും അയച്ചുനൽകിയിട്ടുണ്ടെങ്കിലും 36ഇനം മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ 113360/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 25/31.08.2022 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 അമൃതം ന്യൂട്രിമിക്സ് – ജി.എസ്.ടി അടവാക്കിയത് ഉറപ്പാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0006/22 (അങ്കണവാടി പോഷകാഹാരം (ജനറൽ))<br>S0005/22 (അങ്കണവാടി പോഷകാഹാരം (എസ്.സി.പി)) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 3000000/-<br>1200000/- |
| ചെലവ് | 2630407/-<br>999250/- |
| ബിൽ നമ്പർ/തീയതി | 1) 1/21-22, 20.07.21 തുക. 560420/-<br>2) 2/21-22, 20.07.21 |

| | |
|---|---|
| | തുക. 157572/-<br>3) 3/21-22, 24.07.21<br>തുക. 88230/-<br>4) 5/21-22, 15.10.21<br>തുക. 391796/-<br>5) 6/21-22, 15.10.21<br>തുക. 164846/-<br>6) 7/21-22, 15.01.22<br>തുക. 399118/-<br>7) 8/21-22, 15.01.22<br>തുക. 173246/-<br>8) 9/21-22, 15.01.22<br>തുക. 169727/-<br>9) 11/21-22, 15.01.22<br>തുക. 455985/-<br>10) 12/21-22, 15.01.22<br>തുക. 126209/-<br>11) 18/21-22, 19.03.22<br>തുക. 153257/-<br>12) 19/21-22, 26.03.22<br>തുക. 135890/ |

സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ തിയതി.25.05.2018 പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

2021-2022 വർഷത്തിൽ 1455720/- രൂപയ്ക്ക് അമൃതം ന്യൂട്രീമിക്സ് വാങ്ങിയിട്ടുണ്ട്. ഇതിനു പുറമെ ആയതിനുള്ള ജി.എസ്.ടി 5% വും ബിൽ പ്രകാരം ഈടാക്കിയിട്ടുണ്ട്.

അനുഗ്രഹ & ലക്ഷ്മി (കുടുംബശ്രീ യൂണിറ്റ്) ജി.എസ്.ടി തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ.21/31.08.22) മറുപടി ലഭിച്ചിട്ടില്ല.

1-18 ക്ഷീരവികസന ഓഫീസർ - പദ്ധതികൾ നടപ്പാക്കിയിട്ടില്ല

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ ബജറ്റിൽ ക്ഷീര വികസന മേഖലയിൽ 2 ലക്ഷം രൂപ തീറ്റപ്പുൽകൃഷിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

എന്നാൽ ക്ഷീരവികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി യാതൊരു പദ്ധതികളും സാമ്പത്തിക

വർഷം നടപ്പാക്കിയിട്ടില്ല. ക്ഷീര കർഷകർ ധാരാളം ഉള്ള പഞ്ചായത്താണ് കൊല്ലങ്കോട്. ക്ഷീര കർഷകർക്കായി പ്രസ്തുത മേഖലയിൽ സർക്കാർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2- ൽ പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

നിർവഹണോദ്യോഗസ്ഥർ മുൻകൂട്ടി പദ്ധതികൾ കൃത്യമായി ആവിഷ്ക്കരിച്ച് സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ.5/26.08.22) മറുപടി നൽകിയിട്ടില്ല.

## 1-19 ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

### എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി അംഗീകരിച്ച് അന്തിമമാക്കിയിട്ടില്ല.

ഭരണ സമിതിയുടെ 10.10.2019 തീയതിയിലെ 4(4) തീരുമാനം പ്രകാരം വീടുകളിൽ നിന്ന് 60 രൂപയും ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ഇടത്തരം, വൻകിട സ്ഥാപനങ്ങളിൽ നിന്നും 150 രൂപയും പ്രതിമാസ യൂസർ ഫീ ആയി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വീടുകളിൽ നിന്നും 30 രൂപയും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും 100 രൂപയും ജനവരി 2022 മുതലാണ് ഈടാക്കി വരുന്നത്.

### ബി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

11-5-2020 ന മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 18 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 6 പേരാണുണ്ടായിരുന്നത്. നിലവിൽ 30 അംഗങ്ങളാണുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം കൈയ്യൊഴിയുന്നതിനായി ക്ലീൻ കേരള കമ്പനിയുമായും അരവിന്ദ് അസോസിയേറ്റുമായും കരാറിലേർപ്പെട്ടിട്ടുണ്ട്. ഒരു തവണ മാത്രമാണ് ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ കൈമാറിയിട്ടുള്ളത്. നിലവിൽ സ്വകാര്യ വ്യക്തികൾക്ക് (റാഷ് ഗോൾഡ് എക്കോ സൊല്യൂഷൻ) വിൽക്കുന്നതായും അറിയിച്ചിട്ടുണ്ട്.

### സി. യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ 7430 വീടുകളും 1400 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ 2021-22 വർഷത്തിൽ 428005/- രൂപയാണ് വരവായി ലഭിച്ചിട്ടുള്ളത്. ഓരോ മാസം കഴിയുംതോറും യൂസർ ഫീ ഇനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ

തൊഴിലുറപ്പ് കൂലിയായ 300/- രൂപ പോലും പ്രതിദിനം ലഭിക്കുന്നില്ലെന്നും സ്വന്തം ചെലവിലാണ് മാലിന്യം ശേഖരിക്കാൻ ഫീൽഡിൽ പോകുന്നതെന്നും ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചു. ഇതു കാരണം പല ഹരിതകർമ്മസേനാംഗങ്ങളും പിൻമാറുന്നുണ്ടെന്നും അറിയിച്ചു.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്ന് തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല.

ഡി. ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്റ്റ് പ്രകാരം (നം. 206/22) തൻവർഷം 3,00,000/- രൂപ ഹരിതകർമ്മസേനയ്ക്ക് വകയിരുത്തിയിട്ടുണ്ട്. 299957/- രൂപ വിതരണം ചെയ്തിട്ടുണ്ട് (വികസനഫണ്ട് – ജനറൽ).

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു എം.സി.എഫ് കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും റാക്ക് സെറ്റ് ചെയ്ത് കെട്ടിടം പ്രവർത്തന സജ്ജമാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

20-7-2021 വരെ ഹരിത കർമ്മസേനാ സംരംഭങ്ങൾക്കോ, കൺസോർഷ്യത്തിനോ അക്കൗണ്ട് ആരംഭിച്ചിരുന്നില്ല. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അതത് ദിവസങ്ങളിലെ യൂസർഫീ ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടവാക്കുന്ന രീതിയായിരുന്നു തുടർന്നു വന്നിരുന്നത്. ഹരിതകർമ്മസേനയുടെ അക്കൗണ്ട് 16.09.2020 ന് ആരംഭിച്ചെങ്കിലും ഇടപാടുകൾ തുടങ്ങിയിരിക്കുന്നത് 20.07.2021 ൽ മാത്രമാണ്. ആയത് ഹരിതകർമ്മസേനയു ടെ പ്രവർത്തന മാർഗ്ഗരേഖയുടെ ലംഘനമായി വിലയിരുത്തുന്നു. നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് പണമിടപാടുകൾ നടത്തുന്നത് 01.09.2022 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 119700.37/- രൂപയാണ്.

1-20 ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ. വി.ഇ.ഒ

1) താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ലൈഫ് ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ആദ്യ ഗഡു അനുവദിച്ചത് | അനുവദിച്ച തുക |
|---|---|---|
| സിന്ധു, W/o ഭരതൻ, വെള്ളാന്തറ | 15.10.2018 | 40000/- |
| ദുരൈസാമി, S/o ചന്ദ്രൻ, കുന്നം, പയലൂർ | 10.06.2019 | 300000/- |
| ഭാഗ്യവതി, W/o. കൃഷ്ണൻ, പിള്ളക്കോട്, കൊല്ലങ്കോട് | 09.08.2018 | 40000/- |

ഭവന നിർമ്മാണം നാളിതുവരെയായിട്ടും പൂർത്തിയാക്കാത്തതിനാൽ,മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരിച്ചടപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഷൺമുഖൻ & രാജമ്മ, മാമ്പ്രപ്പാടം, പുഴയ്ക്കൽത്തറ എന്ന ഗുണഭോക്താവിന് ബിൽ നമ്പർ.11/18, തിയതി.25.07.2018 പ്രകാരം 40000/- രൂപ ലൈഫ് പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. തുടർന്ന് ടി ഗുണഭോക്താവിനെ Rebuilt In Kerala പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.
ലൈഫ് പദ്ധതി പ്രകാരം നൽകിയിട്ടുള്ള 40000/- രൂപ അതാത് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നമ്പർ.27/01.09.22) മറുപടി ലഭിച്ചിട്ടില്ല. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ഐ.സി.ഡി.എസ് സൂപ്പർവൈസർ - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1) അങ്കണവാടികളിൽ 6 വയസ്സിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ കുട്ടികൾ മുതലായവർക്കായി വിതരണം ചെയ്യുന്നതിനായി ലഭിക്കുന്ന പോഷകാഹാരങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ലഭിച്ചിട്ടുള്ള എല്ലാ പോഷകാഹാരങ്ങളുടെയും വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം തന്നെ ആയത് വിതരണം ചെയ്തതിന്റെ വിവരങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

ലഭിച്ചിട്ടുള്ള എല്ലാ പോഷകാഹാരങ്ങളുടെയും വിവരങ്ങൾ എല്ലാ അങ്കണവാടികളിലെയും അങ്കണവാടി ഫുഡ് സ്റ്റോക്ക് രജിസ്റ്ററിൽ എഴുതേണ്ടതാണ്. വിതരണം ചെയ്ത പോഷകാഹാരങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2) പ്രൊജക്റ്റ് നം.S0010/22 (അങ്കണവാടികൾക്ക് ഫർണീച്ചർ വാങ്ങൽ)

അടങ്കൽ . 600000

ചെലവ് . 599695

ബിൽ നം . 4/21-22, 20.09.21 ₹.213339/-

13/21-22, 15.02.22 ₹.189038

22/21-22, 27.03.22 ₹.197318

മേൽ പ്രകാരം താഴെപ്പറയുന്ന ഫർണീച്ചറുകൾ ആർട്ട്കോ ലിമിറ്റഡിൽ നിന്നും വാങ്ങിയിട്ടുണ്ട്

| ഇൻവോയ്സ് നം, തീയതി | വാങ്ങിയ ഫർണീച്ചറുകൾ |
|---|---|
| 140, 31.08.21 | 27 മേശ |
| 151, 03.09.21 | 1 മേശ |
| 446, 24.01.22 | 16 അലമാര |
| 702, 22.03.22 | 11 അലമാര<br>80 പ്ലാസ്റ്റിക്ക് ആംലസ്സ് ചെയർ |

3) പ്രൊജക്റ്റ് നം.S00162/22 (സ്മാർട്ട് അങ്കണവാടി) പദ്ധതിയുടെ ഭാഗമായി ഇൻവോയ്സ് നം.194,12.01.22 പ്രകാരം 700000/- രൂപയുടെ സാധനസാമഗ്രികൾ (ബിൽ നം.20/26.03.22) വാങ്ങിയിട്ടുണ്ട്.

വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂക്ഷിക്കുന്നില്ല. വിതരണം ചെയ്തവയുടെ വിവരങ്ങളും രേഖകളും സൂക്ഷിച്ചിട്ടില്ല.
സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്നും ആയത് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ.12/29.08.22) മറുപടി നൽകിയിട്ടുണ്ട്.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് ആയതിന്റെ വിതരണം, ബാലൻസ് എന്നിങ്ങനെ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

1-22 ആസ്തി രജിസ്റ്റർ മരാമത്ത് പ്രവ്യത്തികൾ - രേഖകളുടെ സൂക്ഷിപ്പ്

ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

നിലവിലുള്ള ആസ്തി രജിസ്റ്ററിൽ പല അപാകതകളും ഉൾപ്പെട്ടിട്ടുള്ളതിനാൽ പല റോഡുകളും കണ്ടെത്താൻ കഴിയാറില്ല. ഇതിനു പരിഹാരമായി സർക്കാർ തലത്തിൽ നിർദ്ദേശം ലഭിച്ചതനുസരിച്ച് ജി.പി.എസ് സംവിധാനം ഉപയോഗിച്ച് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളും ,ആസ്തികളും മാപ്പ് ചെയ്യുന്നതിനും , ആയതിന്റെ കണക്ടിവിറ്റി മുഴുവൻ രേഖപ്പെടുത്തുന്നതിനുള്ള ഒരു R-track സംവിധാനം നിലവിൽ വരുകയും ചെയ്തു. നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തുടർ നിർദ്ദേശവും പരിശീലനവും ലഭിക്കുന്നതു വഴി ആയതിന്റെ Documentation പ്രവർത്തനങ്ങൾ ഉടനെ തന്നെ ആരംഭിക്കുന്നതാണ്. ജി.പി.എസ് സംവിധാനം ഉപയോഗിച്ചുള്ള ഈ പുതിയ ആപ്പ് വഴി ആസ്തി രജിസ്റ്ററിൽ കൂടുതൽ കൃത്യത കൈവരിക്കുവാൻ കഴിയുമെന്നും, വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സംവിധാനത്തോടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുവാൻ കഴിയുമെന്നും കരുതുന്നു.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി തീരുമാനം നം-4(5)/4.01.22 പ്രകാരം ശ്രീ മുരളി, ആനമാറി എന്ന വ്യക്തിക്ക് വികസന ഫണ്ടിനത്തിൽ പാർട്ട് ബില്ലായി 18000/-രൂപ (വാർഡ് ഒന്നിന് 1000/-രൂപ) അനുവദിച്ചിട്ടുണ്ട്.

എഗ്രിമെന്റ്, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ പ്രവ്യത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല. പല ടാറിങ് പ്രവ്യത്തികളുടെ ഫയലുകളിലും കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്.

1-23 റോഡ്/റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗം

1. റോഡ് മെയിന്റനൻസ് ഫണ്ട്

റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ 2.20 രൂപ വകയിരുത്തി 24 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 76 പ്രൊജക്ടുകൾക്കായി 1.69 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 77%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

2. റോഡിതര മെയിന്റനൻസ് ഫണ്ട്

റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 41.75 ലക്ഷം രൂപ വകയിരുത്തി 9പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 8 പ്രൊജക്ടുകൾക്കായി 25.55 ലക്ഷം രൂപയാണ് (വകയിരുത്തിയ തുകയുടെ 61%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നടപ്പിലാക്കാതിരുന്ന ഒരു പ്രവ്യത്തി സ്പിൽ ഓവറായി അടുത്ത വർഷം നടപ്പാക്കിയിട്ടുണ്ട്.

ഇതിൽ തനത് ആസ്തിയുടെ അറ്റകുറ്റപ്പണികൾക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 687000 വകയിരുത്തി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. (പ്രൊജക്ട് നമ്പർ - 90/22 പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപണി )

പ്രസ്തുത പ്രവ്യത്തിക്ക് മാത്രമായി 675085/- രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം - 109/27.03.22) ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-19/30.08.22) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

മഴക്കാലത്ത് പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ്, പൊതുജനങ്ങൾക്കായുള്ള വെയ്റ്റിങ്ങ് ഏരിയ, മീറ്റിങ്ങ് ഹാൾ എന്നിവിടങ്ങളിൽ ചോർച്ച അനുഭവപ്പെട്ടതിനാൽ ആയത് പഞ്ചായത്തിലെ ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതിനെ തുടർന്ന് ഭരണസമിതി നിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതി അടിയന്തിരമായി നിർവ്വഹിക്കേണ്ടി വന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 2. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

2. ഗ്രാന്റ് തനത് ആസ്തികളുടെ സംരക്ഷണത്തിന് വകമാറ്റുന്നത് ഒഴിവാക്കേണ്ടതാണ്. മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. ജി.ഒ (എം.എസ്)നം. 330/2004/തസ്വഭവ തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ അനുസരിച്ച് തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നവീകരണ പ്രവർത്തികൾക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

സാമ്പത്തിക വർഷം പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ജി.ഒ(പി) 13/2012 PWD/1.02.12 വ്യവസ്ഥകൾ അനുസരിച്ചല്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവു മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ , കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1% വരെ ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമാണ് കരാറുകാരന് തുക നൽകാവുന്നത്.

സാമ്പത്തിക വർഷം ഫൈനൽ ബിൽ അനുവദിച്ച താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തികളുടെ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിച്ചിട്ടുണ്ട്. പൂർത്തീകരണ കാലതാമസത്തിന് താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

1. പ്രവൃത്തി - പൊന്നനാടി റോഡ് സൈഡ് പ്രൊട്ടക്ഷൻ -So 114/22

അടങ്കൽ- 500000

ഫൈനൽ ബിൽ/ തുക – 12/21.07.21 - 94415/-

പി.എ.സി - 445715

എം- ബുക്ക് - 50/19-20

എഗ്രിമെന്റ് - 37/6.12.19

കരാറുകാരൻ - പ്രസാദ്. കെ.വി

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 11.09.20

പൂർത്തീകരിച്ചത് - 17.05.21

ഈടാക്കേണ്ട പിഴ -

പൂർത്തീകരണ കാലാവധിയുടെ (9 മാസം) 25% - 26.09.20 വരെ -

PAC യുടെ 1% - 4457/-

27.09.20 മുതൽ 17.05.21 വരെ - PAC യുടെ 2% - 8914

ആകെ - 13371/-

2. പ്രവൃത്തി - പിള്ളക്കോട് ഒണ്ടിവീരൻപൊറ്റ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് - So 118/22

അടങ്കൽ- 500000

ഫൈനൽ ബിൽ/ തുക – 10/21.07.21 - 232375/-

പി.എ.സി - 446242

എം- ബുക്ക് - 304/20-21

എഗ്രിമെന്റ് - 49/12.12.19

കരാറുകാരൻ - പ്രസാദ്. കെ.വി

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 11.04.20

പൂർത്തീകരിച്ചത് - 8.4.21

ഈടാക്കേണ്ട പിഴ -

പൂർത്തീകരണ കാലാവധിയുടെ (4 മാസം) 25% - 11.05.20 വരെ -

PAC യുടെ 1% - 4462/-

12.05.20 മുതൽ 8.04.21 വരെ - PAC യുടെ 2% - 8925

ആകെ - 13387/-

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതിരുന്ന പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന നൽകിയിട്ടില്ല. കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല. 2019-20 വർഷം കരാർ വെച്ച് ആരംഭിച്ച പ്രവൃത്തികൾ 2020-21വരെയും പൊതുമരാമത്ത് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാതെ ദീർഘിപ്പിച്ച നടപടി ക്രമപ്രകാരമല്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാർ ഒപ്പ് വെക്കുന്ന വേളയിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, അതനുസരിച്ച് നിർവ്വഹണം പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. വാർഷിക

പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. (ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് & എഞ്ചിനീയറിങ്ങ് വിങ്ങ് ചീഫ് എഞ്ചിനീയറുടെ നം. ഇ4/104212020/സി.ഇ/ത.സ്വ.ഭ.വ തീയതി 20.10.2020 നമ്പർ സർക്കുലർ)

സപ്ലിമെന്ററി എഗ്രിമെന്റിന്റെ മൂല്യം കേരള സ്റ്റാമ്പ് ആക്റ്റിൽ നിഷ്കർഷിക്കും പ്രകാരം ഈടാക്കുന്നില്ല

കേരള ഫിനാൻസ് ആക്റ്റ്, 2019 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ കേരള സ്റ്റാമ്പ് ആക്റ്റ്, 1959 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾക്കും നൽകുവാനുമുള്ള സേവനങ്ങൾക്കുമുള്ള സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്.

1-25 കരാർ ചമച്ച് ആരംഭിക്കാത്ത പദ്ധതികൾ - പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകളനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/29.08.22) നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | അടങ്കൽ | വിശദീകരണം |
|---|---|---|---|---|
| 1 | 201 | എം.സി.എഫ് സെന്റർ പൂർത്തീകരണം | 975000 | പദ്ധതി നടപ്പാക്കുന്നതിന് 31.03.22നാണ് കരാറുകാരനുമായി എഗ്രിമെന്റ് വെച്ചിട്ടുള്ളത്. നിരവധി തവണ പദ്ധതി തുടങ്ങുന്നതിനും, തുടങ്ങാത്തതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ രേഖാ മൂലം അറിയിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുള്ളതാണ്.ആയതിന് നാളിതുവരെ കരാറുകാരൻ മറുപടി സമർപ്പിച്ചിട്ടില്ല. ടി വിവരം രേഖാ മൂലം പഞ്ചായത്തിനെയും ഭരണസമിതിയെയും അറിയിച്ചിട്ടുണ്ട്. |
| 2 | So 110 | ആനമാറി കുടിവെള്ളപദ്ധതി | 911984 | 10 ലക്ഷം രൂപയുടെ അടങ്കലുള്ള പ്രസ്തുത പദ്ധതിയിൽ ബോർവെൽ, മോട്ടോർ പമ്പ് സെറ്റ്, പൈപ്പ് ലൈൻ, പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇബ്രാഹിംകുട്ടി എന്ന കരാറുകാരനുമായി 5.12.18 ന് കരാർ വെച്ച് ബോർവെൽ കൺസ്ട്രക്ഷൻ, ഗ്രൗണ്ട് വാട്ടർ സർവ്വെ എന്നിവക്കായി 88016/- രൂപയുടെ പാർട്ട്ബിൽ മാത്രമാണ് 20.03.19 ന് അനുവദിച്ചിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 3 | So 109 | പുത്തൻപൊറ്റ എസ്.സി കുടിവെള്ളപദ്ധതി | 201212 | പദ്ധതിയുമായി ബന്ധപ്പെട്ട് മോട്ടോർ ഷെഡ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കിത്തരണമെന്ന് സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും സ്ഥലം ലഭ്യമാക്കിയിട്ടില്ല. |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ക്രമ നമ്പർ 1, 2 പ്രകാരമുള്ള പദ്ധതികളിൽ കരാർ ചമച്ച് നിശ്ചിത സമയത്തിനകം കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാത്തതിനാൽ കേരള പൊതുമരാമത്ത് മാന്വൽ 2116.1 (Termination – Default By Contractor), 2116.2.1 (Realisation Of Loss Of Account On Termination), 2116.2.2 (Revoking Of Termination) പ്രകാരം ഉചിതമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

2. കൃത്യമായ സാധ്യതാ പഠനം നടത്തി സ്ഥലലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രം പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും മറ്റു പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്ന ഫണ്ട് മുടങ്ങുന്നതിനിടയാക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-26 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

സാമ്പത്തിക വർഷം പൂർത്തീകരിച്ച താഴെപ്പറയുന്ന കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | So 112/22 | കാരാട്ട്പാടം കുടിവെള്ളപദ്ധതി | 120000 | 1060978 |
| 2 | So111/22 | മാമണി കുടിവെള്ളപദ്ധതി | 243160 | 195565 |
| 3 | 192/22 | മുട്ടിച്ചിറ മിനികുടിവെള്ളപദ്ധതി | 300000 | 153473 |
| 4 | 137/22 | വേങ്ങപ്പാറ തടിക്കാട് കുടിവെള്ളപദ്ധതി | 171372 | 17116 |
| 5 | 131/22 | പണിക്കത്ത് വെള്ളനാറ കുടിവെള്ളപദ്ധതി | 209436 | 174506 |
| 6 | 132/22 | കൊമ്പൻകാട് കുടിവെള്ളപദ്ധതി | 206 084 | 195769 |
| 7 | 200/22 | തച്ചമ്പാക്ക് പൊരിച്ചോളം കുടിവെള്ളപദ്ധതി | 300000 | 107321 |

മേൽ പദ്ധതികളെല്ലാം തന്നെ പ്രവർത്തനക്ഷമമാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (10/)മറുപടി സമർപ്പിച്ചിട്ടുണ്ട്.

- 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017 ലെ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്റ്റുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്.
- അതാത് വർഷം പൂർത്തീകരിക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-27 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

1.പ്രൊജക്റ്റ് - 240/22, പണിക്കത്ത് വെള്ളമ്പാറ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുത കണക്ഷൻ എടുക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 60000 രൂ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 60000 രൂ ( ,, )

സാങ്ഷൻ ഓർഡർ നം. - 473/18.03.22

കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുത കണക്ഷൻ എടുക്കുന്നതിനായി കെ എസ് ഇ ബി കൊല്ലങ്കോട് സെക്ഷന് 60000രൂ കൈമാറിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയായതിന്റെ വിവരം, തുകയുടെ വിനിയോഗവിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (8/26.08.22) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടെന്നും കെ എസ് ഇ ബി -യിൽ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ വിവരം, സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.പ്രൊജക്റ്റ് - 229/22, കുടിവെള്ളക്കരം അടവാക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 800000 രൂ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 600000 രൂ ( ,, )

സാങ്ഷൻ ഓർഡർ നം. - 314/16.02.22

പദ്ധതിപ്രകാരം 600000രൂപ കേരളവാട്ടർഅതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ പൊതുടാപ്പുകളിലെ വെള്ളക്കരം അടവാക്കുക എന്നതാണ് പ്രൊജക്റ്റ് ലക്ഷ്യമായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെ ഡബ്ല്യു എ – യുടെ കത്ത് നം. KWA/PHD/PKD/D3/Deposits /20-21/25.11.21 -നോടൊപ്പം വിവിധ വാർഡുകളിലെ പൊതുടാപ്പുകൾ ഡിസ്കണക്ഷൻ & ഡിസ്മാന്റലിംഗ് പ്രവൃത്തിയ്ക്കായുള്ള ആറു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ തുക ഏത് ആവശ്യത്തിനാണ് ഉപയോഗിച്ചതെങ്കിൽ ആയതിന്റെ വിനിയോഗ വിവരം, വിനിയോഗിക്കാതെ തുക ശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ലഭ്യമായതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം (8/26.08.22) മുഖേന ആവശ്യപ്പെട്ടതിന് ഉപയോഗിക്കാത്ത കുടിവെള്ള ടാപ്പുകൾ ഡിസ്മാന്റിലിങ്ങ് ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക അടവാക്കുകയും 424 പൊതുടാപ്പുകളിൽ 300 എണ്ണം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് എന്നും മുഴുവൻ പൊതുടാപ്പുകളും ഡിസ്മാന്റിൽ ചെയ്തതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു.
തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ടെണ്ടർ നടപടി കൂടാതെ വാങ്ങൽ നടത്തി

പ്രൊജക്റ്റ് -268/22, നെന്മേനി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ -310000, (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

ചെലവ്- 309868, (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

ബിൽ നമ്പർ - 38/21-22/04.03.22

മേൽ പദ്ധതികൾ പ്രകാരം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്കുള്ള ഫർണിച്ചറുകൾ SIDCO-യിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | ഇനം | നിരക്ക് | എണ്ണം | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| PKD/21-22 /83/25.02.21 | Dining Table -Steel Frame Folding Type-Top SS 180x45x72 Cm | 4400 | 24 | 105600 |
| | Plastic Arm Chair Fibre - Nilkamal | 100 | 580 | 58000 |
| | Plastic Armless Chair Fibre - Nilkamal | 200 | 495 | 99000 |
| | Total (CGST+SGST=18% എന്നിവ ഉൾപ്പെടെ) | | | 309868 |

ജി.ഒ(ആർടി)നം. 10/2021/SPD തിയതി 03.03.21, പ്രകാരം SIDCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട മര, സ്റ്റീൽ, ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 33/2017/SPD തിയതി 17.06.2017 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ റേറ്റ് കോൺട്രാക്റ്റ് ഉത്തരവിൽ SIDCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ ഉൾപ്പെടുന്നില്ല. കൂടാതെ ഇൻവോയ്സ് പ്രകാരം നീൽക്കമൽ ബ്രാൻഡിലുള്ള പ്ലാസ്റ്റിക് ചെയറുകളും വാങ്ങിയിരിക്കുന്നു. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ SIDCO- വിനും പങ്കെടുക്കാവുന്നതുമാണ്. സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (12/29.08.22) നൽകിയതിന് Gem Portal മുഖേനയുള്ള ഗുണനിലവാരം നേരിട്ട് കണ്ട് ബോധ്യപ്പെട്ട് വാങ്ങുന്നതിന് സാധിക്കാത്തതിനാലും സിഡ്കോ അക്രഡിറ്റഡ് ഏജൻസി ആയതിനാലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാലുമാണ് ഫർണിച്ചറുകൾ വാങ്ങിയതെന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ച് മാത്രമാണ് നിലവിൽ വാങ്ങലുകൾ നടത്തുന്നതെന്നും മറുപടി ലഭ്യമാക്കി. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കേണ്ടതും വാങ്ങലുകളിൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-29 സാമൂഹ്യ ക്ഷേമ പെൻഷൻ - വിതരണത്തിലെയും ഡാറ്റാബേസിലെയും അപാകങ്ങൾ

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്.

വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും 2020, 2021 വർഷങ്ങളിലെ ഏതാനും മരണ രജിസ്ട്രേഷനുകളും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

താഴെചേർക്കുന്ന പെൻഷനർമാർ മരണപ്പെടുകയും ഈ സ്ഥാപനത്തിൽ തന്നെ പ്രസ്തുത മരണം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നു.

1)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | രാമചന്ദ്രൻ എം കെ, ശിവരാമ നിലയം, വലിയങ്ങാടി |
| ആധാർ നം | 241284570369 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| സ്റ്റാറ്റസ് | സസ്പെൻഡ് |
| പെൻഷനർ ഐ ഡി | 108660200476 |
| ബാങ്ക് അക്കൗണ്ട് വിവരം | CNRB 0001317, 1317101005182 |
| മരണപ്പെട്ട തീയതി | 22.06.20 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 130/2020/24.07.20 |

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ മാസം | തുക |
|---|---|
| 07/2020 മുതൽ 11/2020 വരെ | 7500 |

*അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് എന്ന് കാരണത്താൽ 12/2020 മുതൽ തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല.*

2)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | ചാമുണ്ണി, നെടുമണിമേട്, നെന്മേനി |
| ആധാർ നം | 858203554498 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108660202174 |
| ബാങ്ക് അക്കൗണ്ട് വിവരം | SBIN0011928, 37683366838 |

| | |
|---|---|
| മരണപ്പെട്ട തീയതി | 29.07.20 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 150/2020/18.08.20 |

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ മാസം | തുക |
|---|---|
| 8/2020 മുതൽ 06/21 വരെ | 1500x8+1600x3= 16800 |

*അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് എന്ന് കാരണത്താൽ 7/2021 മുതൽ തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല.*

3)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | അബ്ദുൾ കരീം, കോട്ടപ്പാടം, കൊല്ലങ്കോട് |
| ആധാർ നം | 256723667412 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108660202010 |
| ബാങ്ക് അക്കൗണ്ട് വിവരം | IOBA0003191, 319101000000256 |
| മരണപ്പെട്ട തീയതി | 04.02.21 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 382021/12.02.21 |

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ മാസം | തുക |
|---|---|
| 03/2021 മുതൽ 09/2021 വരെ | 1500+ 1600x6 =11100 |

*അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് എന്ന് കാരണത്താൽ 10/2021 മുതൽ തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല.*

4)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | നൂർജഹാൻ, അരവന്നൂർപറമ്പ്, കൊല്ലങ്കോട് |
| ആധാർ നം | 286723144656 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108660201414 |
| ബാങ്ക് അക്കൗണ്ട് വിവരം | CNRB0001317, |
| മരണപ്പെട്ട തീയതി | 24.02.21 |
| മരണം രജിസ്ട്രേഷൻ | 58/2021/12.03.21 |

| | |
|---|---|
| നമ്പർ/തീയതി | |

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ മാസം | തുക |
|---|---|
| 03/2021 മുതൽ 08/2021 വരെ | 1500+ 1600x5=9500 |

*അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് എന്ന് കാരണത്താൽ 09/2021 മുതൽ തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല.*

5)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | കൃഷ്ണൻ കെ, കമ്പംകോട്. നെന്മേനി |
| ആധാർ നം | 526689567680 |
| പെൻഷൻ ഇനം | *കർഷകത്തൊഴിലാളി പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108660100897 |
| ബാങ്ക് അക്കൗണ്ട് വിവരം | IOBA0003191, 31910100000081 |
| മരണപ്പെട്ട തീയതി | 15.02.21 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 59/2021/16.03.21 |

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| ക്രമ നം. | വിതരണം നടത്തിയ മാസം | തുക |
|---|---|---|
| 1 | 03/ 2021 മുതൽ 02/2022 വരെ | 1500+1600x11= 19100 |

*അക്കൗണ്ട് ക്ലോസ്ഡ് /ട്രാൻസ്ഫേർഡ് എന്ന് കാരണത്താൽ 03/2022 മുതൽ തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല.*

6)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | കുപ്പായി, മാത്തൂർ, നെന്മേനി |
| ആധാർ നം | 776533281256 |
| പെൻഷൻ ഇനം | *കർഷകത്തൊഴിലാളി പെൻഷൻ* |
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷനർ ഐ ഡി | 108660100948 |
| പെൻഷൻ വാങ്ങുന്ന രീതി | ഡയറക്റ്റ് ടു ഹോം |
| മരണപ്പെട്ട തീയതി | 25.07.20 |
| മരണം രജിസ്ട്രേഷൻ നമ്പർ/തീയതി | 60/21/16.03.21 |

സേവന ആക്ടീവ് പെൻഷനറായി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല എന്ന കാരണം കൊണ്ട് പെൻഷൻ അനുവദിച്ചിട്ടില്ല.

മേൽപരാമർശിച്ചവയിൽ ചിലരുടെ പെൻഷൻ ഡാറ്റാബേസിലെ സ്റ്റാറ്റസ് ആക്ടീവും ചിലരെ

ഡാറ്റാബേസിൽ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും മരണം നടന്നതിനു ശേഷവും കുറച്ചുമാസങ്ങളിൽ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതായും കാണുന്നു. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതകൾ ഓഡിറ്റ് അന്വേഷണം മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1. *മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റി നൽകിയത് കണ്ടെത്തുന്നതിനായി മരണ രജിസ്റ്ററിലെ വിവരം പൂർണ്ണമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.*
2. *തുടർ അന്വേഷണം നടത്തി അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.*
3. *മരണപ്പെട്ടവരെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.*
4. *3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച ഉത്തരവ് പാലിക്കേണ്ടതാണ്.*

തുടർനടപടികളുടെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-30 തെരുവു വിളക്കുകളുടെ പരിപാലനം

എ) നിലാവ് പദ്ധതി

ഊർജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചുകൊണ്ടും ഊർജ്ജ ലാഭം നേടിക്കൊണ്ടും തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനായി പരാമ്പരാഗത തെരുവുവിളക്കുകൾക്ക് പകരം എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 15.01.21-ലെ ഭരണസമിതി യോഗതീരുമാനം 7/7നം. പ്രകാരം നിലാവ് പദ്ധതി നടപ്പിലാക്കുന്നതിനും പാക്കേജ് 5 തിരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു.

നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ച പാക്കേജ് അഞ്ചിലെ ഒരു യൂണിറ്റ് പ്രകാരം 500 എൽ ഇ ഡി ലൈറ്റുകൾ വിന്യസിക്കുന്നതിന് ആവശ്യമായ സ്ട്രീറ്റ്മെയിൻ പോസ്റ്റുകൾ നിലവിൽ ലഭ്യമാണെന്ന് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ( എ ഇ ഇലക്ട്രിക്കൽ സെക്ഷൻ കൊല്ലങ്കോട്). നിലവിൽ നിലാവ് പദ്ധതി പ്രകാരമുള്ള എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കൽ മുഴുവനായിട്ടുണ്ട്. ഇതിനായി 21-22 ൽ തുക ചെലവില്ല. നിലാവ് പദ്ധതിയ്ക്കായി വികസന ഫണ്ട് ഉറവിടത്തിൽ നിന്ന് 7 വാർഷിക തവണകളായി കുറവ് ചെയ്ത് കിഫ്ബിയിലേക്ക് തിരിച്ചടവ് നടത്തേണ്ടതാണ്.

06.08.21-ലെ തദ്ദേശ സ്വയംഭരണ (ഇ ഡബ്ല്യൂ ബി ) വകുപ്പ് - ന്റെ സ.ഉ.(കൈ) നം.169/2021/തസ്വഭവ പ്രകാരം ഊർജ്ജ ഉപഭോഗം, വൈദ്യുതി ചാർജ് എന്നിവയിൽ ഉണ്ടാവേണ്ട വ്യത്യാസം താഴെചേർക്കുന്നു.

| | |
|---|---|
| Estimates Savings In Electricity Consumption Per Annum In KWH Assuming 12 Hours Burning - | 97545 |
| Estmated Savings In Electricity Bills Per Annum In Lakhs | 4.19 |

പരമ്പരാഗത ലൈറ്റുകളിൽ നിന്ന് എൽ ഇ ഡി യിലേക്ക് മാറ്റുമ്പോഴുണ്ടാകുന്ന ലാഭത്തിന്റെ ഏകദേശം 75% മാത്രമാണ് തിരിച്ചടവ് വരുന്നതെന്ന് നിലാവ് പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നത്. ഇലക്ട്രിസിറ്റി ചാർജ്ജിന്റെ കുറവിൽ വരുന്ന ആനുകൂല്യം തിട്ടപ്പെടുത്തുന്നതിന് മീറ്റർ സ്ഥാപിക്കുന്നതിന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ബി)മീറ്ററിംഗ് സംവിധാനത്തിനു കീഴിലല്ലാത്ത ലാമ്പുകളുടെ വിവരം

മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് താരിഫ് റേറ്റിന്റെ

അടിസ്ഥാനത്തിൽ KSEBയിലേക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നുണ്ട്.

കൊല്ലങ്കോട് – കൺസ്യൂമർ നം. 1165109008050

താരിഫ് റിവിഷൻ 26.08.22 -ലെ ഇബി/2022-23/സ്ട്രീറ്റ് ലൈറ്റ്/126 നം. കത്തിൽ അറിയിച്ചതുപ്രകാരം 26.06.22-ലെ താരിഫ് പരിഷ്കരണം അനുസരിച്ച് 6/22മുതൽ പ്രതിമാസം 58,585/- രൂപയിൽ നിന്നും 63412രൂപയായി മീറ്ററിനു കീഴിലല്ലാത്ത തെരുവു വിളക്കുകൾക്ക് ഒടുക്കുന്നുണ്ട്. കത്ത് പ്രകാരമുള്ള ബൾബുകളുടെ എണ്ണം താഴെ പറയുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | 18 W CFL | 162 |
| 2 | 22W,, | 152 |
| 3 | 30W,, | 184 |
| 4 | 36W,, | 383 |
| 5 | 44W,, | 200 |
| 6 | 80W,, | 200 |
| 7 | 250 SV | 7 |

2) മുതലമട സെക്ഷൻ

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | LED 20 W | 180 | 17 | 3060 |

പ്രതിദിനം 12 മണിക്കൂർ പ്രവർത്തിക്കുന്ന എന്ന രീതിയിലാണ് താരിഫ് നിശ്ചയിച്ചിട്ടുള്ളത്.

2021-22 വർഷം തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ അടിസ്ഥാനത്തിൽ ഗിരീഷ് എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറാണ് നടപ്പിലാക്കിയിട്ടുള്ളത്. എൽ ഇ ഡി ബൾബുകളുടെ റിപ്പയർ & മെയിന്റനൻസ് ആണ് നടത്തിയിട്ടുള്ളത്. സി എഫ് എൽ പ്രവൃത്തികളുടെ റിപ്പയർ/മെയിന്റനൻസിനായി മുൻവർഷങ്ങളിലും തുകയൊന്നും ചെലവഴിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത വിളക്കുകളുടെ യഥാർത്ഥത്തിലുള്ള എണ്ണം, തരം എന്നിവയുടെ തൽസ്ഥിതി വിവരം അറിയുന്നതിന് കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് 29.06.2021 ലെ 13(1) നം തീരുമാനം പ്രകാരം കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനം എടുക്കുകയും നം ബി-2-1153/21 തീയതി 02.09.21 കത്ത് പ്രകാരം കെ.എസ്.ഇ.ബി യെ അറിയിച്ചിട്ടുമുണ്ട്. നാളിതുവരെയും സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടില്ല.

സി. മീറ്ററിംഗിന് കീഴിലുള്ള ലാമ്പുകളുടെ വി വരം

പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കുള്ള ഓരോ മീറ്ററിംഗ് പോയിന്റിനും, ഓരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള തെരുവ് വിളക്കുകളുടെ വിവരം അടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം (2019-ൽ കാലികമാക്കിയത്) 36 കൺസ്യൂമർ പോയിന്റുകളിലായി ആകെ 1805 ലാമ്പുകളുണ്ട്. 8/2022-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം മീറ്റേഡും അൺമീറ്റേഡുമായ 51 കൺസ്യൂമർ നമ്പറുകളാണുള്ളത്. 2021-22-ൽ 51 കൺസ്യൂമർ നമ്പറുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജായി ശരാശരി 1,25,000/- രൂപ പഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

നിലാവ് പദ്ധതി നടപ്പിലാക്കിയതുമൂലം ഊർജ ഉപഭോഗം, വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലെ കുറവ് ലഭ്യമാകുന്നതിന് കെ എസ് ഇ ബി യുമായി അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതും

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് കൃത്യമാക്കി, രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ് കുറവ് ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 അജൈവ മാലിന്യ സംസ്കരണം

പഞ്ചായത്തിലെ അജൈവ പാഴ് വസ്തുക്കളുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി ക്ലീൻ കേരള കമ്പനിയുമായി 04.05.2021-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ നിബന്ധനകൾ പ്രകാരം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന മാലിന്യങ്ങൾ വെവ്വേറെ തരംതിരിച്ച് (ഇനം തിരിച്ച് ) ചാക്കുകളിലാക്കി തൂക്കം രേഖപ്പെടുത്തി എം സി എഫിൽ സൂക്ഷിക്കേണ്ടതും ഒരു നിശ്ചിത തൂക്കം ആകുന്ന മുറയ്ക്ക് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് പഞ്ചായത്ത് രേഖാമൂലം അറിയിക്കേണ്ടതും ശേഖരിക്കുന്ന വസ്തുക്കൾ ക്ലീൻ കേരള കമ്പനി കാലതാമസം കൂടാതെ എം സി എഫ് / ആർ ആർ എഫിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. സർക്കാർ ഉത്തരവ് അനുസരിച്ച് ത സ്വ ഭ സ്ഥാപനം തുക ക്ലീൻ കേരള കമ്പനിക്ക് അനുവദിച്ച് നൽകേണ്ടതുമാണ്. കൂടാതെ എം സി എഫിൽ തരംതിരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ക്ലീൻ കേരള കമ്പനി ഒരുക്കേണ്ടതാണ് എന്നും കരാറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ 2021-22- ൽ ഈ കരാറുടമ്പടി പ്രകാരം ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചിട്ടില്ല.

കൂടാതെ ട്രഷ്ഗോൾഡ് ഇക്കോ സൊല്യൂഷൻ എന്ന കമ്പനിയുമായി 12.10.21-ലെ ഭരണസമിതി യോഗ തീരുമാനം നം. 5(2) പ്രകാരം മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കൊണ്ടുപോകുന്നതിന് കരാറിലേർപ്പെടുന്നതിന് തീരുമാനിക്കുകയും 27.10.21-ന് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ നിബന്ധന പ്രകാരം പുനരുപയോഗം സാധ്യമാകുന്നതും അല്ലാത്തതുമായ മാലിന്യങ്ങൾ സംബന്ധിച്ച വിവരം അറിയിക്കേണ്ടതും അറിയിപ്പ് ലഭിച്ച 5 ദിവസത്തിനകം എം സി എഫിൽ നിന്നും മാലിന്യങ്ങൾ ഒഴിവാക്കേണ്ടതുമാണ്. ഈയിനത്തിൽ 78106രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് നിലനിൽക്കെ ട്രാഷ് ഗോൾഡുമായി എഗ്രിമെന്റിലേർപ്പെട്ടിരിക്കുന്നു.

2. തദ്ദേശ സ്വയംഭരണ (എ സി) വകുപ്പിന്റെ എ സി 4/84/2021/ത സ്വ ഭ വ/22.10.21 പ്രകാരം പുറപ്പെടുവിച്ച മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിനായി ഏജൻസികളുമായി കരാറിലേർപ്പെടുമ്പോൾ ഇവ യഥാവിധം മാലിന്യങ്ങൾ നീക്കം ചെയ്യാൻ പര്യാപ്തമായ സന്നാഹങ്ങൾ ഉള്ള പ്ലാന്റുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ മാലിന്യങ്ങൾ അനധികൃതമായി തുറസ്സായ സ്ഥലങ്ങൾ, കുളങ്ങൾ, പാതയോരങ്ങൾ, പൊതുയിടങ്ങൾ എന്നിവിടങ്ങളിൽ ഇടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ത സ്വ ഭ സ്ഥാപനങ്ങൾ ഇതിന് ഉത്തരവാദികളായിരിക്കുന്നതാണ്. 21-22 വർഷത്തിൽ ട്രഷ് ഗോൾഡ് എന്ന കമ്പനിയുമായി കരാറിലേർപ്പെടുമ്പോൾ മേൽഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ ഉറപ്പുവരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

2.സർക്കുലർ നം. ഡി സി 1/282/2020/ത സ്വ ഭ വ (ഡി സി) വകുപ്പ്/29.7.20 പ്രകാരം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത സ്വ ഭ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ 21-22 സാമ്പത്തിക വർഷത്തിൽ എം സി എഫ് സെന്ററിലേക്ക് ബെയ്ലിംഗ് ഷ്രെഡ്ഡിംഗ് മെഷീനുകൾ, ഇൻസിനറേറ്റർ എന്നിവ വാങ്ങുന്നതിനായി 1500000രൂ വകയിരുത്തി പ്രോജക്ട് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

വിഷയങ്ങളിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് താഴെചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

എം സി എഫിൽ മാലിന്യം നിറഞ്ഞ സാഹചര്യത്തിൽ യഥാവിധി നീക്കം ചെയ്യുന്നതിന് കത്ത്

നൽകിയിട്ടും ക്ലീൻ കേരള കമ്പനി നടപടി സ്വീകരിച്ചില്ല. 04.05.21-ന് കരാറിലേർപ്പെട്ടതിനു ശേഷം 29.09.21-ലെ ബി1/01/2021നം. കത്തിലൂടെയും പിന്നീടും നിരവധി തവണ കത്തിടപാടുകൾ , ഫോൺ മുഖേന വിവരം അറിയിക്കൽ എന്നിവ നടത്തിയെങ്കിലും കമ്പനിയുടെ ഭാഗത്തുനിന്ന് തുടർനടപടികളൊന്നും ഉണ്ടായില്ല. എം സി എഫ് കെട്ടിടം ജനവാസമേഖലയിൽ ആയതിനാൽ മാലിന്യം നിറഞ്ഞ് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം ഉണ്ടാവാൻ ഇടയുണ്ട് എന്നതിനാലാണ് ട്രഷ് ഗോൾഡ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിന് ഭരണസമിതി തീരുമാനിച്ചത്. നിലവിൽ അറിയിപ്പ് നൽകുന്ന മുറയ്ക്ക് സ്ഥാപനം സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

നിലവിൽ സ്ഥാപനം മാലിന്യം നീക്കം ചെയ്യാൻ സന്നാഹം ഉള്ള പ്ലാന്റ് ആണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിച്ചതായി നാളിതുവരെ കണ്ടിട്ടില്ല. ഇക്കാര്യം സ്ഥാപനവുമായി ഒന്നുകൂടി ഉറപ്പുവരുത്തുന്നതാണ്.

നിലവിൽ എം സി എഫ് കെട്ടിടത്തിൽ വൈദ്യുതീകരണം നടത്തിയിട്ടില്ലാത്തതിനാലാണ് 21-22-ൽ ബെയ്ലിംഗ് മെഷീൻ വാങ്ങാതിരുന്നത് എന്നും 22-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരണത്തിന് പ്രൊജക്ട് വെച്ചിട്ടുണ്ട് എന്നും തൻവർഷം തന്നെ ബെയ്ലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സർക്കുലർ നം. ഡി സി 1/282/2020/ത സ്വ ഭ വ (ഡി സി) വകുപ്പ്/29.7.20 സർക്കുലർ പ്രകാരം ക്ലീൻ കേരള കമ്പനി പാലിക്കേണ്ട ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരമുള്ള യാതൊരു പ്രവർത്തിയും ക്ലീൻ കേരള കമ്പനിയുടെ ഭാഗത്തുനിന്നും 21-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഹരിതകേരള മിഷൻ, ശുചിത്വമിഷൻ എന്നിവയുടെ സാങ്കേതിക , സാമ്പത്തിക സഹായത്തോടെ മാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനം കമ്പനി ഹരിതകർമസേനകൾക്ക് നൽകേണ്ടതും പുനചംക്രമണ യോഗ്യമായ പാഴ്വസ്തുക്കൾ വിപണി നിരക്കിൽ പ്രതിഫലം നൽകി ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഇതിനായി നൽകാൻ കഴിയുന്ന തുക തദ്ദേശ സ്ഥാപനങ്ങളെ കാലേകൂട്ടി അറിയിക്കേണ്ടതും ഇതുവഴി മാലിന്യം കയ്യൊഴിക്കുന്നതിനുള്ള ചെലവ് പഞ്ചായത്തിന് ഒഴിവാക്കാവുന്നതുമാണ്. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കമ്പനി, പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും അതുപാലിച്ചുകൊണ്ടുള്ള യാതൊരു തുടർനടപടിയും ഉണ്ടായിട്ടില്ല എന്നു മാത്രമല്ല കരാർ നിലനിൽക്കെ മാലിന്യ സംസ്കരണം യഥാസമയം ചെയ്യുന്നതിനായി മറ്റൊരു സംവിധാനം കണ്ടെത്തേണ്ടതായി വരുകയും ചെയ്തു. 11.05.22-ലെ സർക്കുലർ നം. ഡി സി 1/282/2020/ത സ്വ ഭ വ (ഡി സി) വകുപ്പ്/29.7.20 പ്രകാരം ക്ലീൻ കേരള കമ്പനിയും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥകളിൽ മാറ്റമില്ലാത്തതുകാരണം പുതിയ ഭേദഗതി സർക്കുലർ വരുന്നത് വരെ നിലവിലെ കരാറിന് കാലാവധി ഉണ്ടായിരിക്കുന്നതാണ്.

2. സർക്കാർ ഉത്തരവു പ്രകാരം ശാസ്ത്രീയമായി മാലിന്യ സംസ്കരണത്തിന് സഹായകമാകേണ്ട സ്ഥാപനത്തിൽ നിന്നും പഞ്ചായത്തിന് യാതൊരു സഹായമോ സഹകരണമോ ഉണ്ടായിട്ടില്ല.

3. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിനായി മറ്റു ഏജൻസികളുമായി കരാറിലേർപ്പെടുമ്പോൾ ഇവ യഥാവിധം മാലിന്യങ്ങൾ നീക്കം ചെയ്യാൻ പര്യാപ്തമായ സന്നാഹങ്ങൾ ഉള്ള പ്ലാന്റുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ട അധിക ചുമതല . കൂടി സ്ഥാപനങ്ങൾക്ക് വന്നുചേരുന്നു.

4. മാലിന്യ സംസ്കരണം അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാൽ ഇതിലേക്ക് ഭരണസമിതിയുടെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

5. എം സി എഫിന്റെ വൈദ്യുതീകരണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതും വാർഷിക പദ്ധതിയിലുൾപ്പെടുത്തി ബെയ്ലിംഗ് മെഷീൻ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതുമാണ്.

1-32 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 മുതൽ വിവിധ ആവശ്യങ്ങൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചേർത്തിട്ടുണ്ട്. തുക തിരികെ നൽകിയതിന്റെയോ പഞ്ചായത്ത് മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ രൂപയുടെ നീക്കിയിരിപ്പ് കാണുന്നുണ്ട്. ഈ തുകയിൽ ഉൾപ്പെട്ട കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 15/30.08.22)

1-33 മുൻകൂർ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകയിൽ 104832 രൂപ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| | |
|---|---|
| അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻബാക്കി | 76032 |
| തൻവർഷം നൽകിയ തുക | 28800 |
| ക്രമീകരിക്കുവാൻ ശേഷിക്കുന്ന തുക | 104832 |

തുക ക്രമീകരിച്ച്, രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

(ഓഡിറ്റ് അന്വേഷണം - 15/30.08.22)

1-34 ആർജ്ജിതാവധി പണമാക്കി മാറ്റി

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർധ-സർക്കാർ, സർവകലാശാല, പൊതുമേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ ഉത്തരവ് തീയ്യതി മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. ഉത്തരവ് മുഖേന താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

2. 17.07.2020 -ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായി.

3. മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ കാലാവധി ദീർഘിപ്പിക്കപ്പെട്ട, ആർജിതാവധി സറണ്ടർ ആനുകൂല്യം, പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

ആർജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ച നടപടി 01.06.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടു. O(P) No. 160/2021/ Fin. Dated 01/12/2021 പ്രകാരം ഇത് ഈ സാമ്പത്തികവർഷാവസാനം വരെ വീണ്ടും ദീർഘിപ്പിച്ചിട്ടുണ്ട്.

ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള ജീവനക്കാരുടെ അവകാശം, മേൽ പറഞ്ഞ വിവിധ ഉത്തരവുകളിലൂടെ 16.4.20 മുതൽ 31.03.2022 വരെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി

പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക (ആർജിതാവധി സറണ്ടർ തുക) | വൗച്ചർ നം, തീയതി & ചെക്ക് നം, തീയ്യതി |
|---|---|---|---|---|
| 1 | ശ്രീ വിജിൽ മോഹൻ | അസിസ്റ്റന്റ് സെക്രട്ടറി | 62715/- | വൗച്ചർ നം. 22100167/ 02.06.21 ചെക്ക് നം. 101897/ 02.06.21 |
| 2 | സബീറ കെ സി | ജൂനിയർ സൂപ്രണ്ട് | 59829 | |
| 3 | ശാന്തകുമാരി കെ | അക്കൗണ്ടന്റ് | 57054 | |
| 4 | ശ്രീ രമ്യ സി | സീനിയർ ക്ലാർക്ക് | 44733/- | |
| 5 | ശ്രീമതി സുകന്യ എസ് സുബ്രമണ്യൻ | സീനിയർ ക്ലാർക്ക് | 42513/- | |
| 6 | ശ്രീമതി ഷിനി ആർ | സീനിയർ ക്ലാർക്ക് | 42513/- | |
| 7 | ശ്രീമതി .പ്രിയ ആർ | സീനിയർ ക്ലാർക്ക് | 40515/- | |
| 8 | ശ്രീ വിജയരാഘവൻ | ക്ലർക്ക് | 49395 | |
| 9 | ശ്രീ ശിവദാസ് പി | ക്ലർക്ക് | 48174 | |
| 10 | ശ്രീ ശിവകുമാര് എം | ക്ലർക്ക് | 38517 | |
| 11 | ശ്രീമതി അനിതമോൾ എസ് | ,, | 36519 | |
| 12 | ശ്രീമതി സുരഭി ബി | ,, | 31909 | |
| 13 | ശ്രീ കൃഷ്ണനുണ്ണി | ലൈബ്രേറിയൻ ഗ്രേഡ് IV | 61272 | |
| | ആകെ | | 615658 | |

ആർജിതാവധി പണമാക്കി മാറ്റിയത് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായിട്ടാണ്.

വിഷയത്തിൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

ഓഡിറ്റ് നിർദ്ദേശം

1. GO (P) No.42/2020/Fin. Dated 16.04.2020 നമ്പർ പ്രകാരം ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള അവകാശം 16.04.2020 മുതൽ തുടർച്ചയായ ഉത്തരവുകളിലൂടെ 31.03.2022 വരെ മാറ്റിവെക്കപ്പെട്ടിട്ടുണ്ട്. അതായത്, ഇത സംബന്ധിച്ച് 16.04.2020 ന് ശേഷം ഇറക്കപ്പെട്ട ഓരോ ഉത്തരവുകളും, ഇത് സംബന്ധിച്ചുള്ള മുൻഉത്തരവുകളിൽ പരാമർശിക്കപ്പെട്ട കാലയളവ് തുടർച്ചയായി ദീർഘിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. (ഓരോ ഉത്തരവുകളിലും, ഇത സംബന്ധിച്ച് ഇറക്കിയ മുൻ ഉത്തരവുകൾ

പരാമർശിച്ചാണ് പണമാക്കി മാറ്റാനുള്ള അവകാശം മരവിപ്പിച്ച നടപടി തുടർച്ചയായി ദീർഘിപ്പിച്ചിട്ടുള്ളത്. )

2. 16.04.2020 തീയതി മുതൽ മാറ്റിവെക്കപ്പെട്ട, ആർജിതാവധി സറണ്ടർ ആനുകൂല്യം നാളിതുവരെ പുന:സ്ഥാപിക്കപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കപ്പെട്ടില്ല.

3. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന - വേതന വ്യവസ്ഥകൾ പഞ്ചായത്ത് ജീവനക്കാർക്കും ബാധകമാണെന്നിരിക്കെ ഇവ സംബന്ധിച്ച് സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മേൽ പറഞ്ഞ ജീവനക്കാർക്ക് ബാധകമാണ്. മാത്രമല്ല ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റിവെക്കപ്പെട്ട ഉത്തരവ് പരിധിയിൽ ടി ജീവനക്കാർ കൂടി ഉൾപ്പെടുമെന്ന് സർക്കാർ മേൽ പറഞ്ഞ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിനാൽ 615658/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2021-22 വർഷത്തെ NREGS പ്രവൃത്തി നിർവ്വഹണത്തിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5319 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 5319 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 3435 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 194094500 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 480 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 169 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 572 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 40061641 |
| 9 | തൻവർഷത്തെ ചെലവ് | 40061631 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2883 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2741 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 156 |
| 13 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 21 |
| 14 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | - |

സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 23.08.2022 മുതൽ 31.08.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3203 | എയ്റോബിക് കംപോസ്റ്റ് | 0 | 3203 |
| | 2016-17 | 5600 | ODF | 0 | 5600 |
| | 2017-18 | 3918 | പാലിയേറ്റീവ് | 0 | 3918 |
| | 2019-20 | 888014 | ലൈഫ് ഭവനം-എസ്.സി | 0 | 888014 |
| | 2019-20 | 1479 | പാലിയേറ്റീവ് | 0 | 1479 |
| | 2019-20 | 518 | കട്ടിൽ | 0 | 518 |
| | - | - | പ്രൊജക്ട് വിവരം ലഭ്യമല്ല | 0 | 290254 |
| | 2021-22 | 1653039 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1653039 | 0 |
| | 2021-22 | 87200 | 12/22 സാന്ത്വന പരിചരണം | 87200 | 0 |
| | 2021-22 | 478500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 478500 | 0 |
| | 2021-22 | 490000 | ലൈഫ് ഭവന പദ്ധതി ജനറൽ | 490000 | 0 |
| | 2021-22 | 4520000 | ലൈഫ് ഭവന പദ്ധതി അഡീഷണൽ -എസ്.സി | 4520000 | 0 |
| | 2021-22 | 708746 | നെന്മേനി മുസ്ലിം ശ്മശാനം ചുറ്റുമതിൽ നിർമ്മാണം | 708746 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 812833 | ലൈഫ് (ജനറൽ+SCP) | 0 | 812833 |

| | | | | |
|---|---|---|---|---|
| 2019-20 | 1390519 | ലൈഫ് (ജനറൽ) | 0 | 1390519 |
| - | - | പ്രൊജക്ട് വിവരം ലഭ്യമല്ല | 0 | 1703352 |
| 2021-22 | 1000000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1000000 | 0 |
| 2021-22 | 3456033 | നെൽകൃഷിക്ക് കൂലിച്ചെലവ് | 3456033 | 0 |

മേൽ പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 290254/-, ജില്ലാ പഞ്ചായത്ത് വിഹിതം 1703352/-എന്നീ തുകകൾ ഏതെല്ലാം പദ്ധതികളുടെ നീക്കിയിരുപ്പാണെന്ന വിവരം ലഭ്യമല്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംയുക്ത പ്രൊജക്ടുകൾക്കായുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രൊജക്ട് നം. | പ്രവർത്തിയുടെ പേര് | സാങ്ഷൻ ഓർഡർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | കെ എസ് ഇ ബി | 240/22 | പണിക്കത്ത് വെള്ളമ്പാറ കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുത കണക്ഷൻ എടുക്കൽ | 473/18.03.22 | 60000 | - | 60000 |
| 2 | കെ ഡബ്ല്യൂ എ | 229/22 | കുടിവെള്ളക്കരം അടവാക്കൽ | 314/16.02.22 | 600000 | - | 600000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | ബാലൻസ് |
|---|---|---|---|---|---|---|
| ലൈഫ്-KURDFC വായ്പ | - | 26114717 | - | 26114717 | 3212000 | 22902717 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 39885/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-31 | 10244 | ശ്രീ ഹരിദാസ്.ആർ, കരാറുകാരൻ | 121010101155/28.07.21 |
| 2018-19 | 1-30 | 4992 | ശ്രീഹരിദാസ്.ആർ, കരാറുകാരൻ | 121010101156/28.07.21 |
| 2018-19 | 1-31 | 5235 | ശ്രീ മുഹമ്മദ് മൊയ്തീൻ കരാറുകാരൻ | 121010100812/6.07.21 |
| 2019-20 | 3-2-1-3 | 8505 | ശ്രീ മുഹമ്മദ് മൊയ്തീൻ കരാറുകാരൻ | 121010100812/6.07.21 |
| 2019-20 | 3-2-2 | 1500 | കൊട്ടവായൂർ കൺസ്ട്രക്ഷൻസ് | 121010100813/6.07.21 |
| 2020-21 | ഓഡിറ്റ്അന്വേഷണം നം-12 പ്രകാരം അടവാക്കിയത് | 9409 | ശ്രീ ഭാസ്കരൻ.സി | 121010102159/25.09.21 |
| | ആകെ | 39885/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2015-16 | 3.7 | പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും |

| | | | | | |
|---|---|---|---|---|---|
| | | | | | അന്തിമ തീർപ്പായിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 111974419 |
| ഓഡിറ്റ് വർഷത്തെ വരവ് | 18379611 |
| ആകെ | 130354030 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 114578796 |
| നീക്കിയിരിപ്പ് | 15775234 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 729018 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 113360 | ഡോ. പ്രശാന്ത്. എസ് , മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-34 | 615658 | ശ്രീമതി. കെ.സി പ്രേമലത, സെക്രട്ടറി |
| ആകെ | 729018 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-24 | 13371 + 13871 | ശ്രീമതി ടിന്റു എൻ.പി അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി18/1110/02 തിയതി 2-7-2013 | 9 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 4 |
| 1998-99 | എൽ.എഫ്.പി19/1543/07 തിയതി 12-10-2011 | 10 |
| 1999-2000 | എൽ.എഫ്.പി9/990/07 തിയതി 29-02-2008 | 7 |
| 2000-2001 | എൽ.എഫ്.പി9/991/07 തിയതി 8-01-2008 | 7 |
| 2001-2002 | എൽ.എഫ്.പി9/992/07 തിയതി 8-01-2008 | 7 |
| 2002-2003 | എൽ.എഫ്.പി6/202/08 തിയതി 19.9.10 | 5 |
| 2003-2004 | എൽ.എഫ്.പി6/342/08 തിയതി 6.9.10 | 12 |
| 2004-2005 | എൽ.എഫ്.പി6/77/08 തിയതി 2.9.10 | 1 |
| 2005-2006 | എൽ.എഫ്.പി8/1278/11 തിയതി 16.12.11 | 6 |
| 2006-2007 | എൽ.എഫ്.പി8/1279/11 തിയതി 10.11.11 | 8 |
| 2007-2008 | എൽ.എഫ്.പി8/2208/12 തിയതി 5.2.13 | 6 |
| 2008-2009 | എൽ.എഫ്.പി8/1677/12 തിയതി 31.12.12 | 8 |
| 2009-2010 & 2010-2011 | എൽ.എഫ്.പി8/1006/13 തിയതി17.3.2014 | 7 |
| 2011-2012 | എൽ.എഫ്.പി8/1949/14 തിയതി 4.2.15 | - |
| 2012-13 | എൽ.എഫ്.പി19/464/15 തിയതി 13.4.15 | 4 |
| 2013-14 & 2014-15 | കെ.എസ്.എ - പികെഡി8/335/2016/7.4.16 | 5 |
| 2015-16 | കെ.എസ്.എ - പികെഡി19/2293 /2016/28.12.16 | 1 |
| 2016-17 | കെ.എസ്.എ - പികെഡി19/1816 /2017/23.10.17 | 9 |
| 2017-18 | കെ.എസ്.എ - പികെഡി19/1887 /18/19-9-2018 | 25 |
| 2018-19 | കെ.എസ്.എ-പികെഡി-19/1518/2019/13.1.20 | 15 |
| 2019-20 | കെ.എസ്.എ - പികെഡി-19/461/21/16-4-2021 | 25 |
| 2020-21 | കെ.എസ്.എ – പികെഡി-19/1167/21/07.10.2021 | 43 |

തീർപ്പാക്കവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം

| Kollengode Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11908693.00 |
| Cash | Cash | RP-40(a) | 65726.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1685538.00 |
| 130000000 | Rental income from Panchayat Properties | RP-3 | 27100.00 |
| 140000000 | Fees & User Charges | RP-4 | 720859.00 |
| 150000000 | Sale & Hire Charges | RP-5 | 338707.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 90704119.00 |
| 171000000 | Interest Earned | RP-9 | 26753.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13767281.00 |
| 350000000 | Other Liabilities | RP-36 | 780244.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 132937.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 261044.00 |
| 350000000 | Other Liabilities | RP-36 | 464116.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8894306.00 |
| 460000000 | Loans, Advances and Deposits | RP-47 | 576607.00 |
| | Grand total | | 130354030.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 6787527.00 |
| 220000000 | Administrative Expenses | RP-12 | 1569386.00 |
| 230000000 | Operations & Maintenance | RP-13 | 6172001.00 |
| 250000000 | Decentralised Plan Programme- | RP-15 | 13415990.00 |

| | | | |
|---|---|---|---|
| | Productive Sector | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 31556770.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 8795867.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 316692.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 330000.00 |

Kollengode Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6410809.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 951880.00 |
| 140000000 | Fee & User Charges | I-4(b) | 1089459.00 |
| 150000000 | Sale & Hire Charges | I-5(b) | 338707.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 210379710.00 |
| 171000000 | Interest Earned | I-8 | 26753.00 |
| 180000000 | Other Income | I-9 | 132937.00 |
| | Total Income | | 219330255.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 18217848.00 |
| 220000000 | Administrative Expenses | I-11(b) | 1596700.00 |
| 230000000 | Operations & Maintenance | I-12(b) | 6671308.00 |
| 240000000 | Interest & Finance Charges | I-13 | 2373.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 13415990.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 76307514.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 9198848.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 316692.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 74463500.00 |
| 255000000 | Maintenance Projects | I-14(e) | 16569872.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000.00 |
| 270000000 | Provisions and Write off | I-16 | 95576.00 |
| 272000000 | Depreciation | I-17(a) | 0.0 |
| | Total Expenditure | | 216857221.00 |
| | Gross Surplus / Deficit of income over Expenditure | | 2473034.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 407824.00 |
| | Net difference (Prior period Income - Prior period Expenditure) | | 2065210.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| Kollengode Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / | B-1 | 10964536.35 |

| | | | |
|---|---|---|---|
| | Municipal Fund | | |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 96256886.00 |
| | Total Reserve & Surplus | | 107221422.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12491630.00 |
| | Total Grants, Contributions for Specific Purposes | | 12491630.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 22902717.00 |
| | Total Loans | | 22902717.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1783023.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2021937.65 |
| | Total Current Liabilities and Provisions | | 3804960.65 |
| | TOTAL LIABILITIES | | 146420730.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 90777931.00 |
| 412000000 | Capital Work in Progress | B-11(a) | 10131633.00 |
| | Total Fixed Assets | | 100909564.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5789232.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 22842717.00 |
| 450000000 | Cash and Bank Balance | B-17 | 15775234.00 |
| 460000000 | Loans, Advances and Deposits | B-18 | 1103983.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)